# പാടാമൊന്നായ് ഗാനങ്ങൾ : ഒരു സ്ത്രീപക്ഷവായന

പാടാമൊന്നായ്...... എന്ന സംജ്ഞയിൽത്തന്നെ കൂട്ടായ്മയുടെ വിവക്ഷയുണ്ട്. അത് ഏത് സ്ത്രീകളുടെ കൂടിവരവുകളിലും ഈ ഒരു കൂട്ടായ്മയുടെ പിൻബലം കാണാവുന്നതാണ്. ചില പൊതുവായ പാട്ടുകൾ ഒരുമിച്ച് ചേർന്നുപാടി ആ പരിപാടിക്ക് ജീവൻ കൊടുക്കുവാനും അതിനെ ആഘോഷിക്കുവാനും സ്ത്രീകൾ ശ്രമിക്കാറുണ്ട്. പാടാമൊന്നായ്..... എന്ന ശീർഷകം തന്നെ കൂട്ടായ്മയുടെയും കരുതലിന്റെയും പാരസ്പര്യത്തിന്റെയും ഒക്കെ ആകെത്തുകയായി നിൽക്കുകയും അതിനുള്ളിലെ പാട്ടുകളിലേക്ക് നമ്മെ വളരെ താത്പര്യത്തോടെ കൂട്ടിക്കൊണ്ടു പോവുകയും ചെയ്യുന്നു.

ഈ പാട്ടുകളെ രണ്ടായി തിരിച്ചാൽ

(1) വ്യക്തിഗതമായ സ്ഥിരീകരണങ്ങളും പ്രതിബദ്ധതകളും ഉൾക്കൊള്ളുന്ന ഗാനങ്ങൾ

(2) സംഘംചേരലും അതു നൽകുന്ന കൂട്ടായ്മയിലൂടെ ഒരുമിച്ചുള്ള ഒരു മുന്നേറ്റത്തിനും ജീവിതത്തിനുമായുള്ള സമർപ്പണത്തിന്റെ ഗാനങ്ങൾ.

ഇരകളോടുള്ള താദാത്മ്യപ്പെടലും അവരോടൊന്നിച്ച് പ്രതീക്ഷയുടെ തീരം തേടിപ്പോകുന്ന ഒരു ധാര മിക്കവാറും പാട്ടുകളിലും ദർശിക്കാവുന്നതാണ്. ഇത് ഒരു സ്ത്രീപക്ഷകാഴ്ചപ്പാടുള്ളവർക്ക് ലഭ്യമാകുന്ന ദൈവീക കൃപയാണ്. അങ്ങനെ കാണുമ്പോൾ പുരുഷാധിപത്യത്തോടുള്ള ബോധപൂർവ്വമായ ഒരസിഹിഷ്ണുത ഈ പാട്ടുകളിലുടനീളം കാണാവുന്നതാണ്. പുരുഷാധിപത്യത്തിന്റെ ഉപോത്പന്നങ്ങളായ വർഗം, ജാതി, ലിംഗപരമായ ആധിപത്യം ഇവയോടുള്ള ഒരു നിരാസം പാടാമൊന്നായ് പാട്ടുകളുടെ മുഖമുദ്രതന്നെയാണ്. പ്രകൃതിയുടെ താളങ്ങളിലേക്ക് മടങ്ങിപ്പോകുവാനും അതുവഴി കുരിശിലേറപ്പെട്ട്, പുതുസൃഷ്ടിയായി, ഉയർത്തെഴുന്നേൽപ്പിന്റെ അനുഭവം ഉൽക്കൊള്ളുവാനും ഈ പാട്ടുകൾ നമ്മെ ക്ഷണിക്കുന്നു. നവസാമൂഹ്യപ്രസ്ഥാനങ്ങളുടെ ഒരു ദൈവശാസ്ത്രത്തിലേക്കാണ് ഇത് നമ്മെ നയിക്കുന്നത്. (നവസാമൂഹ്യപ്രസ്ഥാനങ്ങളുടെ നേതൃത്വം മിക്കവാറുംതന്നെ സ്ത്രീകളാണ്) ക്രൂശെടുക്കുവാൻ തയ്യാറെടുക്കുന്ന ഒരു ജനവിഭാഗം. അതിനുവേണ്ടി ഏത് ആധിപത്യത്തെയും കോർപ്പറേറ്റുകളെയും നഖശിഖാന്തം എതിർത്ത് ഒരു ഉയർത്തെഴുന്നേൽപ്പിന് ശ്രമിക്കുന്ന ജനവിഭാഗം. ഇതു തന്നെയല്ലേ സുവിശേഷങ്ങളിൽ നാം വായിക്കുന്ന ജനസഞ്ചയം? (multitude) സാമ്രാജ്യത്വത്തിനെതിരെയുള്ള കലഹങ്ങളും പ്രതിരോധങ്ങളുമാണ് ഈ പാട്ടുകളുടെ ആകെത്തുക.

" ഇരുളിന്റെ സേനകളൊന്നടങ്കം നടുങ്ങിവിറയ്ക്കുന്നു കാണുക നാം"

സാമ്രാജ്യത്വത്തിന്റെ അപ്രമാദിത്തവും അതിന്റെ നശീകരണശേഷിയും ഇത്തരം വരികളിൽ വളരെ പ്രകടമാണ്.

ഇവിടെ ജനക്കൂട്ടത്തിന്റെ വ്യവഹാരം പോലെ നാം അതിന്റെ പ്രതികരണം പാടുകയാണ്.

" പണിതുയർത്തുവതിനും നടുവതിനും
പ്രതിബദ്ധരായ് നമുക്ക് മുൻഗമിക്കാം."

എല്ലാ സമരമുഖങ്ങളിലും യാഗമാക്കപ്പെടുവാൻ സ്വയം നൽകുന്ന ചില ജീവിതങ്ങൾ കാണാറുണ്ട്, അതിൽനിന്നും ഒരു ജനത ജീവന്റെ സാഫല്യത്തിലേക്ക് വളരെ ശക്തമായ പ്രതിരോധത്തിലൂടെ കടന്നുവരുന്നതും കാണാം.

"യാഗമായ് നേദിച്ച ജീവിതങ്ങൾ
ജീവനെ നേടുന്നു കാണുകനാം "

ഇതു തന്നെയല്ലേ അനേകർക്കുവേണ്ടി മറുവിലയായി സ്വയം നൽകുന്ന കുരിശിന്റെ ദൈവശാസ്ത്രവും? ക്രൂശിന്റെ അനുഭവങ്ങൾ ഇന്നു പല സമൂഹങ്ങളിലും ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്ന വർത്തമാനകാല യാഥാർത്ഥ്യം ഈ വരികളിൽ തെളിമയോടെ കാണാവുന്നതാണ്.

" സഹജരേ നമുക്കിനി കുരിശുപോലും
ഉയിർപ്പിന്റെ കാവ്യത്തിൻ എഴുത്താണിയാം"

പലപ്പോഴും സമകാലീന അവസ്ഥകളെ ക്രൂശുമായി ബന്ധപ്പെടുത്തി വായനകൾ നടക്കുമ്പോൾ ക്രൂശിന്റെ രൂപങ്ങളെ കണ്ടെത്തുക എന്നുള്ളത് വളരെ പ്രാധാന്യമർഹിക്കുന്നു. ക്രൂശ് ഉയർത്തുന്ന വെല്ലുവിളികളെ ഏറ്റെടുക്കുകയും അതിലൂടെ സ്വയം തകർക്കപ്പെടുകയും ഉയിർത്തെഴുന്നേൽക്കപ്പെടുകയും ചെയ്യുന്ന അനുഭവതലം സ്ത്രീകളുടെ സംഘബോധമായും നവസാമൂഹികപ്രസ്ഥാനങ്ങളുടെ അനുദിന അനുഭവമായും വായിച്ചെടുക്കാവുന്നതാണ്.

" കുരിശതിലേറാൻ ഉയിർത്തെഴുന്നേൽക്കാൻ
അനന്തമാം ജീവന്റെ അംശമായീടാൻ "

ഈ വരികളും മുന്നോട്ടുവയ്ക്കുന്നത് വളരെ വലിയ ഒരു വെല്ലുവിളിയാണ്. ബോധപൂർവ്വമായി കുരിശിലേറാൻ ആവശ്യപ്പെടുകയാണിവിടെ. എങ്കിൽ മാത്രമേ ഉയിർത്തെഴുന്നേൽപ്പുണ്ടാകൂ എന്നുള്ളതും അതിലൂടെയേ അനന്തമായ ജീവന്റെ അംശികളാവൂ എന്നുള്ളതും മുന്നോട്ടു വയ്ക്കുന്നത് സ്ത്രീപക്ഷദൈവശാസ്ത്രത്തിലെ ക്രൂശിനെക്കുറിച്ചുള്ള വായനകൾ തന്നെയാണ്.

പ്രതിബദ്ധതയുടെ തലം എത്രവരെ, എവിടെവരെ എന്നുള്ള ചോദ്യത്തെയും ഗാനം വളരെ ആശയതെളിയോടെ അവതരിപ്പിക്കുന്നുണ്ട്.

"അർപ്പണത്തിൻ ഗിരിശൃംഗങ്ങളെ
പുൽകിടും പടവുകളേറെ കടന്നിടാൻ..."

പടവുകൾ ഏറെയുണ്ട് എന്ന് ഓർമ്മപ്പെടുത്തുന്നു. ഇവിടെ കണ്ടുമുട്ടുന്ന ജീവിതപരിസരങ്ങൾ ഒരു സ്ത്രീപരിസരം തന്നെയല്ലേ? ഒരിക്കലും തീരാത്ത ഉത്തരവാദിത്തങ്ങളും ആവലാതികളും പ്രതീക്ഷകളും ഒക്കെയുള്ള സ്ത്രീ ജീവിതങ്ങളോട് ക്രൂശിലെ വെല്ലുവിളി ഏറ്റെടുത്ത് ജീവന്റെ അംശികളായി തീരുക എന്നുള്ള ആഹ്വാനം വളരെ അർത്ഥവത്താണ്, ഒരുപക്ഷേ പ്രായോഗികമല്ലെങ്കിലും.

" പാടാമൊന്നായ്..." പാട്ടുകളുടെ അന്തർധാര തന്നെ സ്ത്രീപക്ഷ കാഴ്ചപ്പാട്

ആണെന്നു തോന്നിയിട്ടുണ്ട്.

" ആ ഭാവഗംഗയൊഴുകിടട്ടെ... നമ്മിലൂടെ
ജീവന്റെയുറവുകൾ തുറന്നിടട്ടെ...."

ജിവന്റെയുറവുകൾ തേടിയുള്ള അന്വേഷണവും അത് ധാരധാരയായി ഒഴുക്കപ്പെടുന്നതുമെല്ലാം മറ്റെന്താണ്? ഈ പാട്ടുകളുടെ മനോഹാരിത എന്നു പറയുന്നതുതന്നെ അതിന്റെ ലാളിത്യവും ആശയഗാംഭീര്യവും അതു നൽകുന്ന കുളിർമയും സാന്ത്വനവും ഉത്തേജനവും ഒക്കെത്തന്നെയാണ്.

ഒരുപക്ഷേ വളരെ പ്രത്യക്ഷമായിട്ടുള്ള സ്ത്രീപക്ഷ ചിന്തകൾ അതായത് അവരുടെ സ്വത്വം, ശരീരം എന്നിങ്ങനെ പ്രതിപാദിക്കുന്നില്ലെങ്കിലും വളരെയധികം സ്ത്രീപരിസരങ്ങൾ ഈ പാട്ടുകളിലുടനീളം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

"നിൻ ഹിതചിന്തകളുള്ളിലുണർത്തിയ
ജ്വാലകളാരോ കെടുത്തുന്നു....
വഴിയാത്രകളിൽ വരണ്ട കിനാവുകൾ
മനമൊരു മരുഭൂമിയാക്കുന്നു."

ദൈവഹിതത്തെക്കുറിച്ചും അതിന്റെ പൂത്തുലയലുകളെക്കുറിച്ചും ഒക്കെ നല്ല ബോധ്യമുള്ളവരാണ് മിക്കവാറും സ്ത്രീകളും. അവരുടെ ജീവിതത്തിന്റെ ദൈനംദിന അനുഭവമാണ് മേൽവിവരിച്ച വരികൾ.

"ഇരുൾവന്നു മൂടിയോ പാതയിൽ
ഇന്നു കരിമേഘം വന്നുവോ കൺകളിൽ
ഹരിതം മറഞ്ഞുവോ വീഥിയിൽ
ഇന്നു മണലാകെ മൂടിയോ മനമിതിൽ"
" ഭീതിനിരാശത നീറുമീ മണ്ണിലൂടെ ...."
" മ്ലാനത മൂളുമീ പാഴ്മുളംതണ്ടിലൂടെ...."

ഇവയൊക്കെ സൃഷ്ടിക്കുന്ന അനുഭവതലങ്ങളിൽ സ്ത്രീപരിസരങ്ങൾ, അവരനുഭവിക്കുന്ന പുറന്തള്ളൽ, അടിച്ചമർത്തൽ, അന്യവത്ക്കരണം ഇവയൊക്കെ കടന്നുവരുന്നുണ്ട്. ഇവിടെയെല്ലാം സ്ത്രീകൾ എനിക്കു താത്പര്യമില്ല എന്നൊക്കെ പറഞ്ഞ് ജീവസംരക്ഷണത്തിനായി പലതും സഹിക്കുകയും ക്ഷമിക്കുകയും സ്വയം ഒറ്റപ്പെടുത്തുകയും ചെയ്യുകയാണ്. ഇവിടെ ജീവന്റെ ഉറവുകൾ തുറക്കപ്പെടുന്ന ദൗത്യത്തിലേക്ക് ഈ ഗാനങ്ങൾ നമ്മെ ക്ഷണിക്കുന്നു.

" ശിഷ്യത്വം " വളരെ ആഴത്തിൽ ഈ പാട്ടുകളിൽക്കൂടെയെല്ലാം കാണാവുന്ന വിഷയം ആണ്. പുളിമാവുപോൽ പരിവർത്തനം വരുത്തുന്ന ശിഷ്യരായി നീതിനിർവ്വഹണത്തിൽ ഏർപ്പെടുവാനുള്ള ആഹ്വാനം തീർച്ചയായും ഒരു സ്ത്രീപക്ഷ വായനയാണ്.

" അനുഗമിപ്പാനാണഭിലാഷം "

" പാടാമൊന്നായ് .... "

" നിൻഹിതം ചെയ്തിടാൻ.... "

" അഗ്നിയാവുക നാമ്മൾ...."

" അനർഘ സ്നേഹോപഹാരമായി ..."

" പാടുന്നു നമ്മളിന്നാർക്കുവേണ്ടി..."

" നിൻ പാതേ ചുവടുകൾ വയ്ക്കുവാൻ ..."

ഇവയെല്ലാം ശിഷ്യത്വത്തിന്റെ വൈവിധ്യവും ആഴത്തിലുള്ളതുമായ അർത്ഥ തലങ്ങളിലേക്കും ജീവിതാവിഷ്കാരങ്ങളിലേക്കും നമ്മെ കൂട്ടിക്കൊണ്ടു പോവുകയാണ്. ശിഷ്യത്വത്തിന്റെ ഈ പരുക്കൻ പ്രതലത്തിൽ നിൽക്കുമ്പോഴും പ്രതീക്ഷകളുടെ കിരണങ്ങൾ വളരെ തീക്ഷ്ണതയോടെ അവതരിപ്പിക്കുന്നു. ഒരു പാട്ടുമാത്രം ഉദാഹരണമായി എടുത്തുകൊള്ളട്ടെ.

" ഇതൾ പൂത്തു നിൽക്കുമീ രാവിന്റെ ചില്ലയിൽ
ഒരു ചെറു പൂ വിരിഞ്ഞു
നിലാവിന്റെ പൂ വിരിഞ്ഞു...."

ഈ വരികൾ നമ്മെ വളരെ വ്യത്യസ്തമായ ഒരു അനുഭവതലത്തിലേക്കാണ് കൊണ്ടുപോകുന്നത്.

"വിഷാദമേഘം കരഞ്ഞുതീർന്നാകാശം
മിന്നുന്നു നക്ഷത്രജാലം
കാട്ടാറിലിളകയായ് അവിരാമയാത്രതൻ
അനർഘമാ നിമിഷം തേടി
നിലവിളിയങ്ങുയരുമീ തീരത്തുനിന്നിതാ
ഒരു നവരാഗസങ്കീർത്തനം."

ഇവയെല്ലാം വലിയ പ്രതീക്ഷകളാണ് മുന്നോട്ടു വയ്ക്കുന്നത്. ഇത് സാങ്കൽപ്പികമാകാം. പക്ഷേ ഈ ഒരവസ്ഥയിൽ ആയിരിക്കുന്ന വ്യക്തിക്ക് ലഭ്യമാവുന്ന പ്രതീക്ഷയുടെ തിളക്കമാണിവ. ഇത്തരം പ്രത്യാശയുടെയും പ്രതീക്ഷയുടെയും മറ്റൊരു പരിപ്രേക്ഷ്യമാണ്

" ഒരു ദീപനാളം തെളിക്കു, കണ്ണിൽ
ഒരു സൂര്യബിംബം നിറയ്ക്കു....
ഒരു പുഷ്പവർണ്ണം വിടർത്തു, ഉള്ളിൽ
ഒരു നൽവസന്തം വളർത്തു...."

ജീവന്റെ ആഘോഷമാണ് ഇവിടെയെല്ലാം സവിസ്തരം ആശയതീക്ഷ്ണതയോടും ആശയഗാംഭീര്യത്തോടും വിവരിച്ചിരിക്കുന്നത്. ജീവിതത്തെ മനുഷ്യത്വരഹിതമാക്കുന്ന ചെയ്യുന്ന എല്ലാ സാമ്രാജ്യത്വശക്തികളെയും അഭിമുഖീകരിച്ചുകൊണ്ട് ആ പ്രതിരോധ പ്രവർത്തനങ്ങളെ ആഘോഷമാക്കാൻ ശ്രമിക്കുന്ന ഒരാത്മീയത, അതാണ് പാടാമൊന്നായ്.

**അഷിസാറാ ഉമ്മൻ**
റിസർച്ച് സ്കോളർ, തമിഴ്നാട് തിയോളജിക്കൽ സെമിനാരി, മധുര